(6) മഹിളാ സ്വസ്ത് സംഘം പ്രവർത്തകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീമതി റോസമ്മ ചാക്കോ : സർ, ആരോഗ്യ വകുപ്പിൽ നിശബ്ദ സേവനം നടത്തുന്ന വിഭാഗമാണ് മഹിളാസ്വസ്ത് സംഘം. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം യാതൊരു പ്രതിഫലവും ഇല്ലാതെയാണ് ഇവർ പ്രവർത്തനം നടത്തുന്നത്. രോഗ പ്രതിരോധ നടപടികൾ ഉൾപ്പെടെയുള്ള ആരോഗ്യ പരിപാലന കാര്യങ്ങളിൽ ബോധവൽക്കരണമാണ് ഇവർ നടത്തുന്ന പ്രധാനപ്പെട്ട ജോലി. യാതൊരു പ്രതിഫലവും ലഭിക്കുന്നില്ല എന്നതാണ് വേറൊരു പ്രത്യേകത. അവർ ബോധവൽക്കരണ പരിപാടികൾക്കായി വീടുകളിൽ ചെല്ലുമ്പോൾ അവിടെനിന്നും അവർക്ക് ആനുകൂലമായ പ്രതികരണം ലഭിക്കുന്നില്ല. അവർ ആരാണ്; എന്തിനാണ് എന്നൊക്കെയുള്ള സംശയമാണ്. അതുകൊണ്ട് ആ രംഗത്തു പ്രവർത്തിക്കുന്ന മുഴുവൻ മഹിളാ സ്വസ്ത് സംഘം പ്രവർത്തകർക്കും ബാഡ്ജ് നൽകണം എന്നതാണ് ഒന്നാമതായി എനിക്ക് പറയുവാനുള്ളത്. രണ്ടാമത്തെ കാര്യം, ഓരോ പഞ്ചായത്ത് അതിർത്തിയിലും പ്രവർത്തിക്കുന്ന മഹിളാ സ്വസ്ത് സംഘത്തിലുള്ള പ്രവർത്തകർക്ക് അല്പ സ്വല്പ ഓണറേറിയമെങ്കിലും ഗ്രാമസഭകളിൽ നിന്നും നൽകുവാൻ നിർദ്ദേശം നല്കണം. സൗജന്യമായി പ്രവർത്തിക്കുന്നതിനുമാത്രം പെണ്ണുങ്ങളെ ഉപയോഗിക്കുന്ന നടപടിയാണല്ലോ ഇത്; അതുകൊണ്ട് ആ കാര്യത്തിൽ ഒരു പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്നും പി.എസ്.സി.യുടെ ഇന്റർവ്യൂവും ടെസ്റ്റും നടത്തുമ്പോൾ മഹിളാ സ്വസ്ത് സംഘത്തിൽ പ്രവർത്തിച്ചിരുന്ന ആളുകൾക്ക് പ്രത്യേക പരിഗണന നൽകണമെന്നുംകൂടി ഞാൻ അപേക്ഷിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, എന്റെ കൈയിലുള്ള രേഖകൾ ഞാൻ പറയാം. ബാക്കിയുള്ളത് പിന്നീട് ആലോചിക്കാം. 1990-91-ൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം കേരളത്തിൽ ആരംഭിച്ച മഹിളാ സ്വസ്ത് സംഘം തികച്ചും സേവനത്തിൽ അധിഷ്ഠിതമാണ്. ആയിരം ജനങ്ങളോ 200 ഭവനങ്ങളോ ഉള്ള ഗ്രാമങ്ങളിൽ അവിടെ വസിക്കുന്ന പതിനഞ്ചോളം മഹിളാ പ്രവർത്തകരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രസ്തുത പ്രദേശത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് കൺവീനറായാണ് ഓരോ മഹിളാ സ്വസ്ത് സംഘവും പ്രവർത്തിക്കുന്നത്. ഈ പ്രദേശത്തെ ആരോഗ്യ പ്രവർത്തകരെയും സാമൂഹത്തെയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. മാതൃശിശു സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആരോഗ്യ പരിഹാരം തരാൻ അവരെത്തന്നെ പ്രാപ്തരാക്കുന്നതിനുവേണ്ട പരിശീലനം നടത്തിയിട്ടുണ്ട്. അറിവ്, ബോധനം, ആശയവിനിമയം എന്നിവയ്ക്കായുള്ള ആരോഗ്യ വിദ്യാഭ്യാസ ലഘുലേഖകൾ സമൂഹത്തിൽ വിതരണം ചെയ്യുന്നതിനായി ഇവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി ഒരു യൂണിറ്റിനു ആദ്യവർഷം 1,530 രൂപ ക്രമത്തിലും രണ്ടാമത്തെ വർഷം മുതൽ 1,200 രൂപ ക്രമത്തിലും കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. ഈ 1,200 രൂപയാണ് പ്രതിമാസം മീറ്റിംഗ് നടത്തുന്ന ആവശ്യത്തിലേയ്ക്കായി 100 രൂപ വീതം ഓരോ യൂണിറ്റിലെയും കൺവീനറായ ജെ. പി.എച്ച്. എൻ. വഴി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു നൽകുന്നത്. ഈ തുക കേന്ദ്ര സർക്കാരിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നു കിട്ടുന്ന മുറയ്ക്കാണ് അനുവദിക്കുന്നത്. ഇതല്ലാതെ മഹിളാ സ്വസ്ത് സംഘത്തിന്റെ പ്രവർത്തനത്തിനായി ഒരു വകയിലും കേന്ദ്ര സർക്കാർ ഒരു പൈസപോലും തരുന്നില്ല. 1991-ൽ പ്രവർത്തനം ആരംഭിച്ച മഹിളാ സ്വസ്ത് സംഘത്തിനു 3,420 യൂണിറ്റുകൾ ഉണ്ടെങ്കിലും 2000 മാണ്ടിൽ കേന്ദ്ര സർക്കാർ 3,220 യൂണിറ്റുകൾക്ക് മാത്രമേ പ്രതിമാസ ഓണറേറിയം അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത സംഘങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകണമെന്നും ഓണറേറിയം വർദ്ധിപ്പിക്കണമെന്നും യൂണിഫോം നൽകണമെന്നും മറ്റും നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. മുൻ ആരോഗ്യ വകുപ്പ് മന്ത്രി 10-3-1999-ൽ യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചയിൽ മഹിളാ സ്വസ്ത് സംഘത്തിലെ വോളന്റിയർമാർക്ക് ജെ.പി.എച്ച്.എൽ. കോഴ്സിൽ ചേരുന്നതിനു വെയിറ്റേജ് നൽകുക, ആരോഗ്യ വകുപ്പിലെ പാർട്ട് ടൈം ജോലികൾക്ക് ഇവരെ പരിഗണിക്കുക എന്നീ കാര്യങ്ങളെ സംബന്ധിച്ച് ഒരു ധാരണയിൽ എത്തിയതായി രേഖയിൽ കാണുന്നു. വിശദമായ ചർച്ചകൾക്ക് ശേഷം ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(7) നിർമ്മിതികേന്ദ്രം ജീവനക്കാരുടെ നിയമസഭാ മാർച്ച്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ പ്രശ്നങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. കഴിഞ്ഞ ദിവസം അവർ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുമ്പിൽ ധർണ നടത്തുകയുണ്ടായി. രാവിലെ മുതൽ വൈകുന്നേരം വരെ സത്യാഗ്രഹ സമരം നടത്തുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിലെ നിർമ്മിതി കേന്ദ്രം ജീവനക്കാരെ വോളന്റിയർമാർ എന്നാണ് വിളിക്കുന്നത്. അവർ ജീവനക്കാരാണ്., പണിയെടുക്കുന്നവരാണ്, കൂലി ലഭിക്കുന്നവരുമാണ്. അവർക്ക് ന്യായമായ കൂലി കിട്ടേണ്ടവരാണ്. അവരെ വോളന്റിയർമാർ എന്നു വിളിക്കുന്ന പതിവ് അവസാനിപ്പിക്കുക, അതുപോലെതന്നെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉള്ളതുപോലെ നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരെയും സ്ഥിരപ്പെടുത്തുക, അവർ കെ.എസ്.ആർ. വ്യവസ്ഥകൾ നടപ്പാക്കുക, അതായത് സ്ഥലം മാറ്റങ്ങൾക്ക് ഒരു പൊതു മാനദണ്ഡം ഏർപ്പെടുത്തുക, ലീവ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക, നിയമനങ്ങൾക്ക് വ്യക്തമായ മാനദണ്ഡം ഏർപ്പെടുത്തുക, വ്യക്തമായ സ്റ്റാഫ് പാറ്റേൺ ഉണ്ടാക്കുക, എംപ്ലോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് രൂപം നൽകുക, ലോൺ, ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുക, ജനകീയാസൂത്രണത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിർമ്മിതി കേന്ദ്രത്തെക്കൂടി യോജിപ്പിക്കുക, നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുറമേ നിർമ്മിതി കേന്ദ്രത്തിന്റെ പ്രഖ്യാപിത ലക്ഷ്യമായ പരിശീലനം ഗവേഷണം എന്നീ മേഖലകളിൽക്കൂടി കൂടുതൽ ശ്രദ്ധിക്കുക. നിർമ്മിതികേന്ദ്രത്തിന്റെ ചെലവുകുറഞ്ഞ ഭവന നിർമ്മാണം ഡീംഡ് സർവ്വീസുകളായി ഉയർത്തുക, സർക്കാർ സർവ്വീസുകളിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരെ നിർമ്മിതി കേന്ദ്രത്തിൽ നിയമിക്കുന്ന പരിപാടി അവസാനിപ്പിക്കുക, സർക്കാരിന്റെ ഗ്രാന്റ് വർദ്ധിപ്പിക്കുക തുടങ്ങിയിട്ടുള്ള വളരെമിതവും ന്യായവുമായിട്ടുള്ള കാര്യങ്ങളാണ് ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly